പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 477 — 06.02.2013 -ലെ മറുപടി

## സമരത്തിൽ പങ്കെടുത്ത കെ.എസ്.ആർ.ടി.സി. ജീവനക്കാർ വരുത്തിയ നഷ്ടം

ചോദ്യം

ശ്രീ. എൻ. ഷംസുദ്ദീൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2013 ജനുവരിയിൽ സംസ്ഥാന സർക്കാർ ജീവനക്കാരും അധ്യാപകരും നടത്തിയ പണിമുടക്കിൽ കെ.എസ്.ആർ.ടി.സി. ജീവനക്കാർ പങ്കെടുക്കുകയും വസ്തുവകകൾക്ക് നാശനഷ്ടം വരുത്തുകയും ചെയ്തിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ നാശനഷ്ടം തിട്ടപ്പെടുത്തിയത് ഏത് ഉദ്യോഗസ്ഥനാണ് ; | (ബി) | തിരുവനന്തപുരം സിറ്റി യൂണിറ്റിലെ ഡിപ്പോ എൻജിനീയർ വി. സി. ഉണ്ണികൃഷ്ണൻ ആണ് നാശനഷ്ടം തിട്ടപ്പെടുത്തിയത്. |
| (സി) | പ്രസ്തുത ഉദ്യോഗസ്ഥൻ ഏത് ട്രേഡ് യൂണിയനിൽ അംഗത്വമുള്ള ആളായിരുന്നു. കേട്പാട് വരുത്തിയ വകയിലും ട്രിപ്പിന് മുടക്കംവന്ന വകയിലും എത്ര രൂപയുടെ നഷ്ടമാണ് പ്രസ്തുത ഉദ്യോഗസ്ഥൻ ആദ്യം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ടായി നൽകിയത് ; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (സി) | വി.സി.ഉണ്ണികൃഷ്ണൻ,ട്രേഡ് യൂണിയൻ അംഗത്വം ഉള്ള ആളല്ല. കേടുപാടുകൾ വരുത്തിയ വകയിൽ 40,000 രൂപയും, സർവ്വീസ്സുകളുടെ ട്രിപ്പുകൾ മുടക്കം വരുത്തിയ വകയിൽ 85,000 രൂപയും ചേർത്ത് 1.25 ലക്ഷം രൂപയുടെ നഷ്ടമാണ് ഉദ്യോഗസ്ഥൻ ആദ്യം പോലീസ് സ്റ്റേഷനിൽ നൽകിയത്.<br>പകർപ്പ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഉദ്യോഗസ്ഥൻതന്നെ നാശനഷ്ടം സംബന്ധിച്ച് വീണ്ടും റിപ്പോർട്ട് നൽകുകയുണ്ടായോ; എങ്കിൽ ഇതിലെ തുക എത്രയാണ്; ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; | (ഡി) | പ്രസ്തുത നാശനഷ്ടങ്ങൾ അസിസ്റ്റന്റ് വർക്സ് മാനേജർ(മെയിന്റനൻസ്), തിരു.സിറ്റി, അസിസ്റ്റന്റ് വർക്സ് മാനേജർ(ടയർ), സെൻട്രൽ വർക്സ്, പാപ്പനംകോട്, മെക്കാനിക്കൽ എൻജിനീയർ, ചീഫ് ഓഫീസ്, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്ക്നിക്കൽ) എന്നീ ഉദ്യോഗസ്ഥർ പരിശോധിക്കുകയും ഇവരുടെ നിർ ദ്ദേശപ്രകാരം തിരുവനന്തപുരം സിറ്റി യൂണിറ്റിലെ ഡിപ്പോ എൻജിനീയർ വി.സി. ഉണ്ണികൃഷ്ണൻ, ബസ്സുകൾക്ക് ഉണ്ടായ നാശനഷ്ടത്തിന്റെ കണക്ക് |

| | | | |
|---|---|---|---|
| | | | സർവ്വീസുകളുടെ ട്രിപ്പ് മുടങ്ങിയ തുൾപ്പെടെ 87,880/- രൂപയായി റിപ്പോർട്ടു നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധം - II ആയി ചേർത്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത റിപ്പോർട്ടുകളിലെ തുകകൾ തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ നിരുത്തരവാദപരമായി പെരുമാറിയ കുറ്റക്കാരെ രക്ഷിക്കാൻ തക്കവിധമുള്ള റിപ്പോർട്ട് നൽകിയ ഉദ്യോഗസ്ഥനെതിരെ കർശനനടപടി സ്വീകരിക്കുമോ ? | (ഇ) | പ്രസ്തുത റിപ്പോർട്ടുകളിലെ നാശനഷ്ട കണക്കുകൾ തമ്മിൽ വ്യത്യാസമുണ്ട്. ടയറിന് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് എന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് ആദ്യ റിപ്പോർട്ട് തയ്യാറാക്കിയത്. എന്നാൽ രണ്ടാമത്തെ റിപ്പോർട്ട് തയ്യാറാക്കിയത് അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്), തിരു.സിറ്റി, അസിസ്റ്റന്റ് വർക്സ് മാനേജർ (ടയർ), സെൻട്രൽ വർക്സ്, പാപ്പനംകോട്, മെക്കാനിക്കൽ എൻജിനീയർ, ചീഫ് ഓഫീസ്, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) എന്നീ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥരുടെ വിശദമായ പരിശോധനയ്ക്കും, നിർദ്ദേശങ്ങൾക്കും ശേഷമാണ്. ഇക്കാരണത്താൽ റിപ്പോർട്ട് സമർപ്പിച്ച ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കേണ്ടിവരുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

നമ്പർ CI(GL)01/13/സിറ്റി

ജില്ലാ ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം,
കെ.എസ്.ആർ.ടി.സി, തിരുവനന്തപുരം സിറ്റി
തിരുവനന്തപുരം തീയതി : 08/01/2013

പ്രേക്ഷിതൻ

ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ
തിരുവനന്തപുരം സിറ്റി

സ്വീകർത്താവ്

സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്
ഫോർട്ട് തിരുവനന്തപുരം

സർ

വിഷയം :- 08-01-2013 ലെ പണിമുടക്കിനോട് അനുബന്ധിച്ച് സർവ്വീസ് തടസ്സപ്പെടുത്തുന്നതിനായി ബസ്സുകൾ കേടാക്കിയതിനെ സംബന്ധിച്ച്

ഇന്നേ ദിവസം (08-01-2013) സർക്കാർ ജീവനക്കാരുടെ പണിമുടക്കിനോട് അനുബന്ധിച്ച് കെ.എസ്.ആർ.ടി. സി യിൽ കെ.എസ്.ആർ.ടി.ഇ.എ (സി.ഐ.റ്റി.യു) നടത്തുന്ന പണിമുടക്കിൽ സർവ്വീസ് മുടക്കം വരുത്തുന്നതിനുവേണ്ടി ഏതാനും ജീവനക്കാർ RT 729, RRC 221, RAC 661, RT 873, RT 864, TP 396, RAC 702,RRC 223, RAC 87, RT 911 എന്നീ ബസ്സുകളുടെ സ്റ്റാട്ടർ വയർ വലിച്ചുരുകയും, RSC 14-ാം നമ്പർ ബസ്സിന്റെ താക്കോൽ (കെട്ടിയിട്ടിരുന്നത്) പൊട്ടിച്ചുകളയുകയും TP427, RRC88, RT887, TP469 എന്നീ ബസ്സുകളുടെ ടയറിന്റെ കാറ്റ് അഴിച്ചുവിടുകയും ചെയ്യുകയുണ്ടായി. ഈ സംഭവം മൂലം കെ.എസ്.ആർ.ടി. സി ക്ക് കോസ്റ്റ് ഓഫ് ഡാമേജ് ഇനത്തിൽ 40,000 രൂപയും ട്രിപ്പ് മുടക്കം വന്നതിൽ 85,000 രൂപയും ഉൾപ്പടെ ഒന്നേകാൽ ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.. പൊതുമുതലിന് കേടുപാടുകൾ വരുത്തി കെ. എസ്. ആർ. ടി.സിക്ക് മേൽ പറഞ്ഞ നഷ്ടം ഉണ്ടാക്കിയവർക്ക് എതിരെ കർശന നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്) 08/1/13
ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ

(ഒപ്പ്)
സെക്ഷൻ ഓഫീസർ

അനുബന്ധം - II

LOSS IN CONNECTION WITH ONE DAY TOKEN STRIKE ON 8.01.2013

| BUS NO. | LOSS FOR TRIP CURTAILMENT | COST OF MATERIALS |
|---|---|---|
| RT729 | 6000.00 | 100.00 |
| RT873 | 6000.00 | 50.00 |
| RT864 | 6000.00 | 50.00 |
| RAC702 | 6000.00 | 80.00 |
| RAC87 | 6000.00 | 50.00 |
| RT911 | 6000.00 | 50.00 |
| TP427 | 6000.00 | *** |
| RRC88 | 6000.00 | *** |
| RT887 | 6000.00 | *** |
| TP467 | 6000.00 | *** |
| RRC221 | 5000.00 | 50.00 |
| RAC661 | 5000.00 | 100.00 |
| RRC223 | 5000.00 | 100.00 |
| RSC14 | 5000.00 | 150.00 |
| TP396 | 5000.00 | 100.00 |
| TOTAL | 85000.00 | 880.00 |

**TOTAL MATERIAL COST (ELECTRICAL) = Rs.880.00**

**ELECTRICAL LABOUR COST = Rs.1000.00**

**TYRE SETTING AND REFITTING LABOUR COST = Rs.1000.00**

**TRIP CURTAILMENT = Rs. 85000.00**

**TOTAL LOSS = Rs. 87880.00**